(ബി) റെയ്ഡിൽ നിന്നും എത്ര ലക്ഷം രൂപ പിടിച്ചെടുത്തു ;

(സി) ഇതിനെത്തുടർന്ന് എത്ര ഉദ്യോഗസ്ഥരെ സസ്പെൻഡ് ചെയ്തു ;

(ഡി) എത്ര ഉദ്യോഗസ്ഥരുടെ പേരിൽ ശിക്ഷണ നടപടി സ്വീകരിച്ചിട്ടുണ്ട് ?

ഉത്തരം

(എ) 10 എണ്ണം.

(ബി) രൂപ 1,84,770

(സി) വിജിലൻസ് വകുപ്പ് നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(ഡി) വിജിലൻസ് ഡിപ്പാർട്ടുമെന്റിൽ നിന്ന് റിപ്പോർട്ട് കിട്ടുന്ന മുറയ്ക്ക് ശിക്ഷണ നടപടികൾ സ്വീകരിക്കുന്നതാണ്.

**വ്യാജ മദ്യനിർമ്മാണവും വിപണനവും തടയുന്നതിന് നിയമ പരിഷ്ക്കരണം**

37 (1091) ശ്രീ. മത്തായി ചാക്കോ :
ശ്രീ. ടി. പി. രാമകൃഷ്ണൻ :
ശ്രീ. കെ. വി. കുഞ്ഞിരാമൻ :
ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇന്ത്യൻ നിർമ്മിത വിദേശ മദ്യത്തിന്റെ വ്യാജ നിർമ്മാണവും വിതരണവും സംസ്ഥാനത്ത് വ്യാപകമാക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതു തടയുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ബി) വ്യാജമദ്യ നിർമ്മാണവും വില്പനയും തടയുന്നതിന്റെ ഭാഗമായി വ്യാജ നിർമ്മാണ കേന്ദ്രങ്ങൾ റെയിഡു നടത്തിയിട്ടുണ്ടോ ;

(സി) എങ്കിൽ കഴിഞ്ഞ രണ്ടു വർഷത്തിനുള്ളിൽ ഇതു സംബന്ധിച്ച് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ;

(ഡി) ഇതിൽ എത്ര കേസുകളിൽ പ്രതികളെ അറസ്റ്റു ചെയ്തു ; എത്ര കേസുകളിൽ അന്വേഷണം പൂർത്തിയാക്കി കുറ്റപത്രം കോടതിയിൽ സമർപ്പിച്ചിട്ടുണ്ടെന്നു വ്യക്തമാക്കാമോ ;

(ഇ) വ്യാജമദ്യ നിർമ്മാണവും വിപണനവും തടയുന്നതിന് നിലവിലുള്ള നിയമം പര്യാപ്തമാണെന്നു സർക്കാർ കരുതുന്നുണ്ടോ ;

(എഫ്) ഇല്ലെങ്കിൽ ഇക്കാര്യത്തിൽ ആവശ്യമായ നിയമ നിർമ്മാണം നടത്താൻ തയ്യാറാകുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ചില കേസുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതു തടയുന്നതിന് ചെക്ക് പോസ്റ്റുകളിൽ വാഹന പരിശോധന കൂടുതൽ കർശനമാക്കിയിട്ടുണ്ട്. വ്യാജ മദ്യ കേന്ദ്രങ്ങളിൽ ശക്തമായ റെയിഡും പ്രധാന റോഡുകളിൽ രാത്രികാല വാഹന പരിശോധനയും നടത്തുന്നുണ്ട്.

(ബി) ഉണ്ട്.

(സി) ഈ കാലയളവിൽ 6543 അബ്കാരി കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ഡി) 4154 കേസ്സുകളിൽ പ്രതികളെ അറസ്റ്റു ചെയ്തിട്ടുണ്ട്. 2213 കേസ്സുകളുടെ അന്വേഷണം പൂർത്തിയാക്കി കുറ്റപത്രം കോടതിയിൽ സമർപ്പിച്ചിട്ടുണ്ട്.

(ഇ & എഫ്) പര്യാപ്തമാണ്.

## എക്സൈസ് വകുപ്പിൽ സ്പെഷ്യൽ സ്കാഡ്

38 (1092) ശ്രീ. ജോർജ് ജെ. മാത്യു :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ :
ശ്രീ. എൻ. ഡി. അപ്പച്ചൻ :
ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എക്സൈസ് വകുപ്പിൽ സ്പെഷ്യൽ സ്കാഡ് പ്രവർത്തിക്കുന്നുണ്ടോ ;

(ബി) ഓരോ ജില്ലയിലും ഈ വിഭാഗത്തിന്റെ സ്റ്റാഫ് പാറ്റേൺ എന്തെന്ന് പറയുമോ ;

(സി) ഇവർ ആഴ്ചയിൽ ഇത്ര കേസെങ്കിലും പിടിച്ചിരിക്കണമെന്നുണ്ടോ ;

(ഡി) ഇവർ വ്യാജമദ്യത്തിന്റെ ഒഴിപ്പു കേന്ദ്രങ്ങളിൽ എത്തി ഒഴിപ്പുകാരെ പിടിക്കുകയോ വ്യാജമദ്യത്തിന്റെ ഉറവിടം കണ്ടെത്തുകയോ ചെയ്യാറുണ്ടോ ;

(ഇ) ഇല്ലെങ്കിൽ എന്തുകൊണ്ടാണ് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) പ്രവർത്തിക്കുന്നുണ്ട്.

(ബി) ഓരോ ജില്ലയിലേയും എക്സൈസ് സ്പെഷ്യൽ സ്കാഡിന്റെ സ്റ്റാഫ് പാറ്റേൺ അനുബന്ധമായി ചേർത്തിരിക്കുന്നു.*

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly